

## നിത്യസഹായമാതാ അഡോറേഷൻ കോൺവെന്റ് പന്നിമറ്റം

സ്ഥാപനം : 1961

കലയന്താനി മഠത്തിൽ താമസിച്ചുകൊണ്ട് 2 സിസ്റ്റേഴ്സ് അനുദിനം 11 കി.മീ. നടന്നുപോയി പന്നിമറ്റം സ്ക്കൂളിൽ പഠിപ്പിച്ചിരുന്നു. പള്ളിയോടടുത്ത് വാങ്ങിയിരുന്ന 2 ഏക്കർ സ്ഥലത്ത് നിർമ്മിച്ച മഠത്തിൽ 1961-ൽ സിസ്റ്റേഴ്സ് താമസമാരംഭിച്ചു. ഈ മഠം പഴക്കമേറിയപ്പോൾ പൊളിച്ച് അല്പം മുകളിലേയ്ക്ക് മാറ്റി പുതിയ മഠം പണിതു. 2000-ൽ ഈ ഭവനത്തിലേയ്ക്ക് താമസം മാറ്റി. പഴയമഠം ഇരുന്ന സ്ഥലത്ത് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടി ഒരു സ്പെഷ്യൽ സ്ക്കൂളും ബോർഡിംഗും ആരംഭിച്ചു. 2002-ൽ ആരംഭിച്ച സ്ക്കൂൾ കെട്ടിടം പണി 2005-ൽ പൂർത്തിയാക്കി. സ്പെഷ്യൽ ട്രെയ്നിംഗ് കഴിഞ്ഞ 4 സിസ്റ്റേഴ്സ് അവരോടൊപ്പം താമസിച്ച് ശുശ്രൂഷ ചെയ്തുവരുന്നു. അനുഗ്രഹനികേതൻ എന്ന ഈ സ്ഥാപനത്തിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുണ്ട്. മഹാജൂബിലി -2000 ത്തോടനുബന്ധിച്ച് ഇടവകയിലെ 10 കുടുംബങ്ങൾക്ക് വീട് വച്ച് നല്കി, Jesus Village എന്ന പേരിൽ അറിയപ്പെടുന്നു